**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 798** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ജൽ ജീവൻ മിഷൻ (ജെ.ജെ.എം) പുനഃക്രമീകരണവും കുടിവെള്ള ലഭ്യത ഉറപ്പാക്കലും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്ര ധനസഹായത്തോടെയുള്ള ജൽ ജീവൻ മിഷൻ പദ്ധതിയുടെ മുൻകാല നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ച്, സംസ്ഥാനത്തെ മുഴുവൻ ഗ്രാമീണ വീടുകളിലും ഈ വർഷം തന്നെ ശുദ്ധമായ കുടിവെള്ള കണക്ഷനുകൾ എത്തിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്നതിൽ പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് മുന്നോട്ട് പോകുവാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1. നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ
2. പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തനക്ഷമമാക്കുക.
3. പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാൻ കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.
4. ഫീൽഡിലെ അവസ്ഥയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാക്രമം പരിഷ്കരിച്ച് പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണ്.

**(ബി)** റോഡുകൾ വെട്ടിപ്പൊളിച്ചതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് തദ്ദേശസ്വയംഭരണ വകുപ്പുമായി നിലനിന്നിരുന്ന തർക്കങ്ങൾ പരിഹരിച്ച് ജൽ ജീവൻ മിഷൻ പൈപ്പ് ലൈനുകൾ അതിവേഗം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജൽ ജീവൻ മിഷൻ പദ്ധതിയുടെ 1, 2, 3 ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പ്രവർത്തികളിൽ പഞ്ചായത്ത് റോഡ് റെസ്റ്റോറേഷന് ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ പി.ഡബ്ല്യു.ഡി റോഡുകൾക്ക് വകയിരുത്തിയിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിച്ച പഞ്ചായത്ത് റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണം കേരള വാട്ടർ അതോറിറ്റി ചെയ്യുകയും പൂർണ്ണതോതിലുള്ള പുനരുദ്ധാരണ പ്രവർത്തികൾ അതാത് പഞ്ചായത്തുകൾ തന്നെ നിർവ്വഹിക്കേണ്ടതാണ്.

4, 5 ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പ്രവർത്തികളിൽ പി.ഡബ്ല്യു.ഡി/പഞ്ചായത്ത് റോഡുകളുടെ റെസ്റ്റോറേഷന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ റീ അപ്രോപ്രിയേഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവർത്തികളിൽ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക വകയിരുത്തിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ ആഭ്യന്തര വികസന ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, അല്ലെങ്കിൽ C F C ഗ്രാന്റ് മുൻകൂറായി വിനിയോഗിച്ച് അടിയന്തര റോഡ് പുനഃസ്ഥാപന പ്രവർത്തികൾ നടത്തുവാൻ അനുമതി നൽകി 26.01.2026-ന് എൽ എസ്.ജി.ഡി. സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തുകൾ മുൻകൂറായി ചെലവഴിച്ച തുക JJM പദ്ധതിയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് തിരിച്ചു നൽകുന്നതാണ്.

**(സി)** ജലക്ഷാമം രൂക്ഷമായ മലയോര-തീരദേശ മേഖലകൾക്കായി ജല അതോറിറ്റി പ്രത്യേകമായി വിഭാവനം ചെയ്ത മൈക്രോ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മലയോര മേഖലയായ അതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിൽ വരുന്ന പണ്ടാരൻപാറ, പിള്ളപ്പാറ, വാഴച്ചാൽ, പൊകലപ്പാറ, മുക്കുംപുഴ, വാച്ചുമരം തവളക്കുഴിപ്പാറ, ഷോളയാർ, അടിച്ചിലിതൊട്ടി, പെരുംപാറ, അരേക്കാപ്പ്, വെട്ടിവിട്ടക്കാട്, എന്നീ 12 പട്ടിക വർഗ്ഗ ഉന്നതികളിലേക്ക് കുടിവെള്ള വിതരണം നടത്തുന്നതിനായി ജൽ ജീവൻ മിഷൻ ഫണ്ട് ഉപയോഗിച്ച് 855 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 555 കണക്ഷനുകൾ നൽകുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 10 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 416 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച പദ്ധതികൾ ഗ്രാമ പഞ്ചായത്തിന് പദ്ധതി നടത്തിപ്പിനു വേണ്ടി കൈമാറിയിട്ടുള്ളതാണ്.

**(ഡി)** വേനൽക്കാലത്ത് ജലസ്രോതസ്സുകളിലെ ജലനിരപ്പ് താഴുന്നത് മുൻകൂട്ടി കണ്ട് തടയണകളുടെ നിർമ്മാണവും പുഴകളുടെ ആഴം കൂട്ടലും കൃത്യസമയത്ത് പൂർത്തിയാക്കാൻ മുൻ സർക്കാറിന്റെ കാലത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** വേനൽക്കാലത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കിണറുകളും ഗ്യാലറികളും വൃത്തിയാക്കുകയും ലീഡിംഗ് ചാനലുകളായ പൈപ്പുകളിലും ഗ്യാലറികളിലും അടിഞ്ഞുകൂടുന്ന ചെളി നീക്കം ചെയ്തും കിണറിനടുത്തേക്ക് ചാലുകൾ കീറിയും താൽക്കാലിക തടയണകൾ സ്ഥാപിച്ചും ലഭിക്കാവുന്ന ജലം കിണറുകളിൽ ഉറപ്പാക്കിയിട്ടുണ്ട്. പുഴകളിൽ താത്കാലിക ബണ്ട് നിർമ്മിക്കുകയും മറ്റും ചെയ്തും ജലനിരപ്പ് താഴാതെ ഉറപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്കായി മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 6.70 കോടി രൂപയുടെ 93 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2.66 കോടി രൂപയുടെ 46 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**